©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2015 ജനുവരി 7<br>7th January 2015<br>1190 ധനു 23<br>23rd Dhanu 1190<br>1936 പൌഷം 17<br>17th Pousha 1936 | നമ്പർ<br>No. 38 |

## കേരള സർക്കാർ

### തദ്ദേശസ്വയംഭരണ (ഇഎം) വകുപ്പ്

### വിജ്ഞാപനം

സ.ഉ. (അച്ചടി) നമ്പർ 4/2015/തസ്വഭവ. തിരുവനന്തപുരം, 2015 ജനുവരി 5.
1190 ധനു 21.

എസ്. ആർ. ഒ. നമ്പർ 11/2015.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 10-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, 2011 നവംബർ 16-ാം തീയതിയിലെ സ.ഉ. (അച്ചടി) 285/2011/ത.സ്വ.ഭ.വ. നമ്പരായി പുറപ്പെടുവിച്ചതും 2011 നവംബർ 16-ാം തീയതിയിലെ 2153-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 716/2011 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, കേരള സർക്കാർ, താഴെ പട്ടികയിൽ പറയുന്നവരെ ഉൾപ്പെടുത്തി, ഒരു ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചുകൊണ്ട്, ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു, അതായത്:—

## പട്ടിക

| | | | |
|---|---|---|---|
| 1. | ശ്രീ. കെ. ശശിധരൻനായർ,<br>സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ | : | ചെയർമാൻ |
| 2. | ശ്രീ. ജെയിംസ് വർഗ്ഗീസ്<br>പ്രിൻസിപ്പൽ സെക്രട്ടറി,<br>തദ്ദേശ സ്വയംഭരണ വകുപ്പ് | : | മെമ്പർ |
| 3. | ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ്,<br>സെക്രട്ടറി,<br>നഗരകാര്യ വകുപ്പ് | : | മെമ്പർ |
| 4. | ശ്രീ. കെ. ആർ. ജ്യോതിലാൽ,<br>സെക്രട്ടറി,<br>പൊതുഭരണ വകുപ്പ് | : | മെമ്പർ |
| 5. | ഡോ. കെ. ഇളങ്കോവൻ,<br>സെക്രട്ടറി,<br>ആരോഗ്യ വകുപ്പ് | : | മെമ്പർ |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഇ. കെ. ഭരത് ഭൂഷൻ,
*ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും അതിർത്തികൾ നിശ്ചയിക്കുന്നതിനുള്ള അധികാരം കേരള പഞ്ചായത്ത് രാജ് ആക്റ്റ് 10-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന ഡീലിമിറ്റേഷൻ കമ്മീഷനാണ്. 2015-ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടത്തേണ്ട പൊതു തെരഞ്ഞെടുപ്പിന് മുന്നോടിയായി വാർഡുകളുടെയും ഡിവിഷനുകളുടെയും വിഭജനവും അതിർത്തി നിർണ്ണയവും നടത്തുന്നതിന് ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.